# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് പതിനെട്ട്

## ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം

## (1)

ഈ ദൂതിൽ നാം ശബ്ബത്തിൻ വിശ്രമത്തിലേക്കു വരുന്നു (4:9). എന്താണ് ശബ്ബത്തിൻ വിശ്രമം? ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, നല്ലദേശമായ കനാൻ എന്ന വിഷയം നൂറ്റാണ്ടുകളായി ക്രിസ്ത്യാനികൾക്ക് മനസ്സിലാക്കുവാൻ പ്രയാസമായിരുന്നു. അതുപോലെ, എബ്രായർ 4-ൽ വെളിപ്പെടുത്തിയിരിക്കുന്ന ശബ്ബത്തിൻ വിശ്രമം ക്രിസ്ത്യാനികൾക്ക് ശരിയായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ അധ്യായത്തിലെ ശബ്ബത്തിൻ വിശ്രമം സഹസ്രാബ്ദമാണെന്ന് ചിലർ പറയുന്നു. അവർ പറയുന്നത് ആയിരം വർഷം നീണ്ടുനിൽക്കുന്ന സഹസ്രാബ്ദരാജ്യം (വെളി. 20:4) ആയിരം വർഷത്തിന്റെ ഏഴാമത്തെ കാലഘട്ടമായിരിക്കുമെന്നാണ്; ആദ്യത്തെ ആറായിരം വർഷങ്ങൾ ആദാമിനെ സൃഷ്ടിച്ച സമയം മുതൽ കർത്താവിന്റെ മടങ്ങിവരവിന്റെ സമയം വരെയുള്ള ദിവസംപോലെയാണ് എന്ന വസ്തുതയെ അടിസ്ഥാനമാക്കിയാണ് (2 പത്രൊ. 3:8). ഈ ആശയം പിടിച്ചുകൊള്ളുന്നവരുടെ അഭിപ്രായത്തിൽ, ആറു ദിവസം ആറായിരം വർഷവും ഏഴാം ദിവസം സഹസ്രാബ്ദകാലത്തെ ശബ്ബത്തിൻ വിശ്രമമായ ഏഴാമത്തെ ആയിരം വർഷവും ആയിരിക്കും. ഈ വ്യാഖ്യാനം എന്നെ ഒരിക്കലും തൃപ്തിപ്പെടുത്തിയിട്ടില്ല. 4:9-ലെ ശബ്ബത്തിൻ വിശ്രമം സഹസ്രാബ്ദരാജ്യം മാത്രമാണെന്നു പറയുന്നത് പൂർണമായി കൃത്യമല്ല; അത് ഭാഗികമായി മാത്രം ശരിയാകുന്നു.

### I. ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചുള്ള ആദ്യ പരാമർശം

ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചുള്ള ശരിയായ ധാരണ ഉണ്ടായിരിക്കുന്നതിന്, ബൈബിളിലെ ആദ്യത്തെ പരാമർശത്തെ നാം പരിഗണിക്കണം. ബൈബിൾ ആദ്യമായി ശബ്ബത്തിനെ പരാമർശിക്കുന്നത് മനുഷ്യന്റെ സൃഷ്ടിച്ചതിനു ശേഷമാണ്

(ഉല്പ. 2:2-3). അനേകം ക്രിസ്ത്യാനികളും ഈ വിഷയത്തെ ഉപരിപ്ലവമായി നോക്കിയിട്ട്, ശബ്ബത്ത് ഏഴാം ദിവസമായിരുന്നുവെന്ന്, സൃഷ്ടിപ്പിൻ വേല പൂർത്തിയാക്കിയിട്ട് ദൈവം വിശ്രമിച്ച ദിവസമായിരുന്നു എന്നു മാത്രമേ കാണുന്നുള്ളൂ. ഇങ്ങനെ പറയുന്നത് ശരിയാണെങ്കിലും, നാം അതിന്റെ ഉള്ളടക്കത്തിലേക്ക് നോക്കേണ്ടത് ആവശ്യമാണ്. എന്തുകൊണ്ട് അഞ്ചാം ദിവസം ദൈവം വിശ്രമിച്ചില്ല? അവൻ തന്റെ വേല പൂർത്തിയാക്കാത്തതുകൊണ്ടാണ് അഞ്ചാം ദിവസം വിശ്രമിക്കാത്തതെന്ന് നിങ്ങൾ പറയുമായിരിക്കും. അതു ശരിയാണ്. അങ്ങനെയെങ്കിൽ, ദൈവത്തിന് എന്തിന്റെ അഭാവമാണ് ഉണ്ടായിരുന്നത്? അവന് എന്തിന്റെ അഭാവമാണ് ഉണ്ടായിരുന്നതെന്നു കാണുന്നത് വളരെ അർഥവത്താണ്.

ഉല്പത്തി 1-ലെ വിവരണമനുസരിച്ച്, തന്റെ വചനത്താൽ ഇല്ലാത്തവയെ ഉള്ളവയായായി വിളിച്ചുകൊണ്ട്, ദൈവം സകലത്തെയും തന്റെ വചനം മുഖാന്തരം സൃഷ്ടിച്ചു. എന്നാൽ മനുഷ്യനെ സൃഷ്ടിച്ചത് ഈ വിധത്തിലായിരുന്നില്ല. "മനുഷ്യൻ" എന്നു മാത്രം പറഞ്ഞുകൊണ്ടല്ല ദൈവം മനുഷ്യനെ സൃഷ്ടിക്കുകയും മനുഷ്യരാശിയെ ഉളവാക്കുകയും ചെയ്തത്. ഇല്ല, ദൈവം മനുഷ്യനെ നിലത്തെ പൊടികൊണ്ട് സൃഷ്ടിച്ചു (ഉല്പ. 2:7). മറ്റൊന്നിനെയും ഏതെങ്കിലും തരത്തിലുള്ള ഭൗതിക വസ്തുക്കളുപയോഗിച്ച് ഉണ്ടാക്കിയില്ല. ദൈവം വെളിച്ചം ആഗ്രഹിച്ചപ്പോൾ, "വെളിച്ചം" എന്ന് അവൻ പറഞ്ഞു, വെളിച്ചം ഉളവായി. എന്നാൽ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അതു തികച്ചും വ്യത്യസ്തമായിരുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിച്ചില്ല. ഒന്നാമതായി, ദൈവത്വത്തിനിടയിൽ ഒരു സമ്മേളനം ഉണ്ടായിരിക്കുകയും (ഉല്പ. 1:26) പിന്നീട് മനുഷ്യനെ സൃഷ്ടിക്കുവാൻ നിലത്തെ പൊടിയെന്ന വസ്തുവിനെ ഉപയോഗിക്കുകയും ചെയ്തു. ആറാം ദിവസം മനുഷ്യൻ സൃഷ്ടിക്കപ്പെട്ടില്ലായിരുന്നെങ്കിൽ, മറ്റെല്ലാറ്റിനെയും സൃഷ്ടിച്ചിരുന്നെങ്കിൽക്കൂടി ഏഴാം ദിവസം ദൈവത്തിന് വിശ്രമിക്കുവാൻ കഴിയുമായിരുന്നില്ല. വിശ്രമിക്കുവാൻ ദൈവത്തെ ഇടയാക്കിയത് വേലയുടെ പൂർത്തീകരണമല്ല - അത് മനുഷ്യനെ സൃഷ്ടിച്ചതായിരുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം അവൻ തൃപ്തനാകുകയും വിശ്രമിക്കുവാൻ കഴിയുകയും ചെയ്തു.

എങ്ങനെ നമുക്കിതു തെളിയിക്കുവാൻ കഴിയും? രണ്ടാം ദിവസം ഒഴികെ സൃഷ്ടിപ്പിന്റെ എല്ലാ ദിവസത്തിലും ദൈവം തന്റെ വേലയെ നോക്കുകയും "നല്ലത്" എന്നു പറയുകയും ചെയ്തു. എന്നാൽ ആറാം ദിവസത്തിന്റെ ഒടുക്കം, മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം, താൻ സൃഷ്ടിച്ചവയെയെല്ലാം ദൈവം കാണുകയും "വളരെ നല്ലത്" എന്നു പറയുകയും ചെയ്തു (ഉല്പ. 1:31). "വളരെ നല്ലത്" എന്ന് അവൻ

പറഞ്ഞപ്പോൾ അത് അർഥമാക്കിയത് അവൻ തൃപ്തനായിരുന്നു എന്നാണ്. ആറാം ദിവസത്തിന്റെ അവസാനത്തിൽ, തന്നെ ആവിഷ്കരിക്കുവാൻ തന്റെ സ്വരൂപത്തിലും, തന്നെ പ്രതിനിധീക രിക്കുവാൻ തന്റെ അധികാരത്താൽ മനുഷ്യൻ ഭരമേല്പിക്കപ്പെ ട്ടതും കണ്ടിട്ട്, ദൈവം തൃപ്തനാകുകയും, "വളരെ നല്ലത്" എന്നു പറയുകയും ചെയ്തു.

നമ്മുടെ ബൈബിൾ പഠനം നമ്മുടെ മതപരമായ പശ്ചാത്തലത്താൽ വളരെയധികം സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. നാം ബൈബിൾ വായിക്കുന്നതിനു മുമ്പെതന്നെ, അതിനെക്കുറിച്ചുള്ള ചില ധാരണകൾ നമുക്കുണ്ടായിരുന്നു. ഈ ധാരണകൾ ഹാനിവ രുത്തുന്നവയാണ്. ബൈബിളിലെ നിറങ്ങളെ നാം നോക്കുവാൻ കഴിയുന്നതിനുമുമ്പ്, നാം നിറമുള്ള കണ്ണടകൾ ധരിച്ചിട്ടുണ്ടാ യിരുന്നു. തൽഫലമായി, തിരുവെഴുത്തുകളിലെ യഥാർഥ നിറങ്ങൾ കാണുവാൻ നമുക്കു കഴിഞ്ഞില്ല. നാം നമ്മുടെ കണ്ണടകൾ എടുത്തുമാറ്റി ബൈബിളിനെ നിർമലമായ രീതിയിൽ നോക്കണം. ഇതുകൊണ്ടാണ് നിർമലമായ വചനത്തിലേക്കു നാം മടങ്ങിവരുകയും അതിനെ വീണ്ടും വായിക്കുകയും പഠിക്കുകയും ചെയ്യണമെന്ന് ഞാൻ വീണ്ടും വീണ്ടും പറയുന്നത്. മുമ്പ് ഉല്പത്തി 1- നെക്കുറിച്ച് നാം കേട്ടിട്ടുള്ള കാര്യങ്ങൾ നാം മറക്കണം. നിങ്ങൾ ഉല്പത്തി 1-ഉം 2-ഉം വായിക്കുമെങ്കിൽ, ഏഴാം ദിവസം ദൈവം വിശ്രമിച്ചത് മുഖ്യമായും അവന്റെ പ്രവൃത്തി പൂർത്തിയായതിനാലല്ല, മറിച്ച് അവൻ ആഗ്രഹിച്ചത് അവൻ നേടിയതുകൊണ്ടാണെന്ന് നിങ്ങൾ കാണും. ദൈവം ആഗ്രഹിച്ചത് പൂർത്തിയാക്കപ്പെട്ട ഒരു വേലയല്ല. മറിച്ച്, ദൈവം ആഗ്രഹിച്ചത് തന്നെ ആവിഷ്കരിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്യുവാൻ മനുഷ്യവർഗം ഭൂമിയിലുണ്ടാ യിരിക്കണം എന്നായിരുന്നു. ഇതാണ് അവന്റെ ഹൃദയാഗ്രഹം. ദൈവത്തിന് ഇത് ഉണ്ടായിരിക്കുന്നിടത്തോളം അവൻ തൃപ്തനാണ്. ഭൂമിയിൽ ദൈവത്തെ ആവിഷ്കരിക്കുകയും അവനെ പ്രതിനിധീകരി ക്കുകയും ചെയ്യുന്ന മനുഷ്യൻ ഉണ്ടായിരിക്കുമ്പോൾ ദൈവത്തിന്റെ ഹൃദയം സംതൃപ്തമാണ്. ദൈവത്തിന് ഇത് ഉണ്ടായിരുന്നപ്പോൾ, ഏഴാം ദിവസം അവൻ വിശ്രമിച്ചു.

## II. ശബ്ബത്തിൻ വിശ്രമത്തിന്റെ നഷ്ടം

വീഴ്ചയാൽ മനുഷ്യൻ നശിപ്പിക്കപ്പെട്ടപ്പോൾ, ഈ വിശ്രമം നഷ്ടപ്പെട്ടു. ഈ ഘട്ടത്തിൽ, യോഹന്നാന്റെ സുവിശേഷം അഞ്ചാം അധ്യായത്തിലെ ദുർബലനായ മനുഷ്യന്റെ സംഭവം നാം നോക്കേണ്ടത് ആവശ്യമാണ്. യോഹന്നാൻ 5:9 പറയുന്നു, "ഉടനെ ആ മനുഷ്യൻ സുഖംപ്രാപിച്ചു, തന്റെ കിടക്ക എടുത്തു നടന്നു. അന്ന് ശബ്ബത്തായിരുന്നു "(പ്രത്യുദ്ധാര ഭാഷ്യം). ബലഹീനനായ മനുഷ്യനെ ചൈതന്യംവരുത്തുന്നതിൽ, യെഹൂദന്മാരുടെ

ചട്ടമനുസരിച്ച് ശബ്ബത്ത് ദിനത്തിൽ അനുവദനീയമല്ലാത്ത ഒന്ന് കർത്താവു ചെയ്തു. തന്മൂലം യെഹൂദന്മാർ കർത്താവായ യേശുവിനെ ഉപദ്രവിച്ചു. വാക്യം 16 പറയുന്നു, "യേശു ശബ്ബത്തിൽ ഇതു ചെയ്കതിനാൽ യെഹൂദന്മാർ അവനെ ഉപദ്രവിക്കുകയും, അവനെ കൊല്ലുവാൻ അന്വേഷിക്കുകയും ചെയ്തു." (പ്രത്യുദ്ധാര ഭാഷ്യം). ശബ്ബത്തു ദിനത്തിൽ അവർ യേശുവിനെ കൊല്ലുവാൻ അന്വേഷിച്ചു. ഒരു വ്യക്തിയെ കൊല്ലുവാൻ അന്വേഷിക്കുന്ന ഒരുവന് വിശ്രമത്തിലായിരിക്കുവാൻ കഴിയും എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? ഉപദ്രവിക്കുന്ന ആ യെഹൂദന്മാർക്കെല്ലാം അവരുടെ ഹൃദയത്തിൽ വിശ്രമം ഉണ്ടായിരുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഞാൻ അതു വിശ്വസിക്കുന്നില്ല. വാക്യം 17-ൽ യെഹൂദന്മാരോടുള്ള കർത്താവിന്റെ ഉത്തരം നാം കാണുന്നു: "എന്റെ പിതാവ് ഇതുവരെയും വേലചെയ്യുന്നു, ഞാനും വേല ചെയ്യുന്നു" (പ്രത്യുദ്ധാര ഭാഷ്യം). കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "നിങ്ങൾ ശബ്ബത്ത് ആചരിക്കുന്നു, എന്നാൽ എന്റെ പിതാവ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഏഴാം ദിവസം അവനുണ്ടായിരുന്ന ശബ്ബത്ത് മനുഷ്യന് ഹാനി ഭവിച്ചതുനിമിത്തം നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യൻ പ്രത്യുദ്ധരിക്കപ്പെടാതിരിക്കുന്നിടത്തോളം എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ പാവം മനുഷ്യനെ നോക്കുക. ദൈവത്തിന്റെ ശത്രുവിനാൽ അവൻ നഷ്ടപ്പെട്ടും കേടുവരുത്തപ്പെട്ടും നശിപ്പിക്കപ്പെട്ടും ദുഷിപ്പിക്കപ്പെട്ടും പോയിരിക്കുന്നു. എന്റെ പിതാവിന് എങ്ങനെ വിശ്രമിക്കുവാൻ കഴിയും? നിങ്ങളുടെ പാരമ്പര്യപ്രകാരം നിങ്ങൾ വിശ്രമിക്കുന്നു ണ്ടാകാം, എന്നാൽ നിങ്ങൾക്ക് യഥാർഥ വിശ്രമമില്ല. നിങ്ങൾ ശബ്ബത്ത് ആചരിക്കുന്നുവെന്ന് നിങ്ങൾ പറയുമ്പോൾ, എന്താണ് യഥാർഥ ശബ്ബത്ത് അർഥമാക്കുന്നതെന്ന് നിങ്ങൾക്കറിയില്ല. നിങ്ങൾക്ക് വിശ്രമമില്ല, ഉണ്ടോ? എന്റെ പിതാവിനും വിശ്രമമില്ല. അതിനാൽ എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഇവിടെയുള്ളത്. എന്റെ വേല ചെയ്യുവാൻ ഞാൻ ഇവിടെ വന്നിരിക്കുന്നു. ശബ്ബത്ത് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന്, ദൈവം തൃപ്തനായിരുന്ന ആ ശബ്ബത്ത് നഷ്ടപ്പെട്ട്, ദൈവത്തിന്റെ ശത്രുവിനാൽ നശിപ്പിക്കപ്പെട്ടു വെന്ന് നിങ്ങൾക്കറിയില്ലേ? ദൈവം നേടിയത് അവന് നഷ്ടമായി എന്ന് നിങ്ങൾക്കറിയില്ലേ? എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു. ഉല്പത്തി 3 മുതൽ, എന്റെ പിതാവ് ഒരിക്കലും പ്രവൃത്തി നിർത്തിയിട്ടില്ല, കാരണം അവനെ തൃപ്തനാക്കിയ മനുഷ്യൻ നശിപ്പിക്കപ്പെട്ടിരിക്കുന്നു." ശബ്ബത്തിന്റെ യഥാർഥ പ്രാധാ ന്യത്തെക്കുറിച്ച് നാം എത്രമാത്രം മതിപ്പുള്ളവരായിരിക്കണം! മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കുകയും പ്രതിനിധീകരിക്കുകയും

ചെയ്യുമ്പോൾ ദൈവം മനുഷ്യനിൽ സംതൃപ്തനാകുന്നു എന്നതാണ് ശബ്ബത്തിന്റെ പ്രാധാന്യം. മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കുകയും അവനെ പ്രതിനിധീകരിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുമ്പോൾ, ആ ദിവസം ദൈവത്തിന് ശബ്ബത്താണ്.

Wed

## III. ശബ്ബത്തിൻ വിശ്രമമായ നല്ലദേശം

ഇനി നമുക്ക് നല്ല ദേശത്തിന്റെ വിഷയത്തിലേക്കു മടങ്ങിവരാം. എന്തുകൊണ്ടാണ് നല്ലദേശം ഒരു വിശ്രമമായിരിക്കുന്നത്? യിസ്രായേൽമക്കൾ നല്ലദേശത്തിൽ വിശ്രമിച്ചുവോ? അവർ അതിലേക്കു പ്രവേശിച്ച ആ ദിവസം മുതൽ അവർ നിരന്തരം പോരാടുകയായിരുന്നു. പിന്നെ എന്തുകൊണ്ടാണ് ദൈവം ആ ദേശത്തെ, ആവർത്തനപുസ്തകം 12:9-ൽ പറഞ്ഞതുപോലെ വിശ്രമമെന്നു വിളിച്ചത്? ഉപരിപ്ലവമായി പറഞ്ഞാൽ, ജനം നല്ലദേശമായ കനാനിൽ വീടുകൾ നിർമ്മിക്കുകയും അവിടെ താമസമുറപ്പിക്കുകയും ചെയ്തതുകൊണ്ട് അതിനെ നല്ലദേശമെന്ന് ജനം പറയുന്നു. ഈ ചിന്ത സ്വാഭാവികവും ഉപരിപ്ലവവുമാണ്. ദേശം ഒരു വിശ്രമം ആയിരിക്കുന്നത് അവിടെ ആലയം പണിയുവാൻ കഴിഞ്ഞതുകൊണ്ടാണ്. അവിടെ, ആലയത്തോടുകൂടെ, ദൈവത്തിന് തന്റെ ആവിഷ്കാരവും പ്രാതിനിധ്യവും ഉണ്ടായിരിക്കുവാൻ കഴിഞ്ഞു. ദൈവം ആവിഷ്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുമ്പോൾ, അവിടെ ദൈവത്തിനും മനുഷ്യനും സംതൃപ്തിയുണ്ട്, അതാണ് യഥാർഥ വിശ്രമം.

## IV. മൂന്നു ഘട്ടങ്ങളിലെ ശബ്ബത്തിൻ വിശ്രമമായ ക്രിസ്തു

4:9-ലെ ശബ്ബത്തിൻ വിശ്രമം, നല്ലദേശമായ കനാനാൽ മുൻകുറിക്കപ്പെട്ടിരിക്കുന്നതുപോലെ (ആവ. 12:9; എബ്രാ. 4:8), നമ്മുടെ വിശ്രമമായ ക്രിസ്തുവാണ്. മൂന്നു ഘട്ടങ്ങളിൽ ക്രിസ്തു നമുക്ക് വിശ്രമമാണ്. സഭായുഗത്തിൽ, ദൈവത്തെ ആവിഷ്കരിക്കുകയും പ്രതിനിധീകരിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്തവനും, തന്റെ വേലയിൽനിന്നും നിവൃത്തനായി സ്വർഗത്തിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനുമായ സ്വർഗീയ ക്രിസ്തു എന്ന നിലയിൽ അവൻ നമ്മുടെ ആത്മാവിൽ നമുക്കു വിശ്രമമാണ് (മത്താ. 11:28-29). സഹസ്രാബ്ദ രാജ്യത്തിൽ, സാത്താനെ ഭൂമിയിൽനിന്നും നീക്കം ചെയ്തതിനുശേഷം (വെളി. 20:1-3), ക്രിസ്തുവിനാലും ജയാളികളായ വിശുദ്ധന്മാരാലും ദൈവം ആവിഷ്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും തൃപ്തനാക്കപ്പെടുകയും ചെയ്യും. അപ്പോൾ തന്നോടുകൂടെ സഹരാജാക്കന്മാരായിരിക്കുകയും, തന്റെ വിശ്രമം പങ്കിടുകയും ആസ്വദിക്കുകയും ചെയ്യുന്ന ജയാളികളായ വിശുദ്ധന്മാർക്ക് രാജ്യത്തോടുകൂടെ ക്രിസ്തു

പൂർണമായ രീതിയിൽ വിശ്രമമായിരിക്കും (വെളി. 20:4, 6). പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും, ഒടുക്കത്തെ ശത്രുവായ മരണം ഉൾപ്പെടെ എല്ലാ ശത്രുക്കളും അവനു കീഴ്പെട്ടതിനുശേഷം (1 കൊരി. 15:24-27), ക്രിസ്തുവിൽ വീണ്ടെടുക്കപ്പെട്ട എല്ലാവരാലും ദൈവം പൂർണമായി ആവിഷ്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും തൃപ്തരാക്കപ്പെടുകയും ചെയ്യും. ആ സമയത്ത് ക്രിസ്തു, സർവവും കീഴടക്കുന്നവനെന്ന നിലയിൽ, ആ മഹത്വകരമായ സാഹചര്യത്തോടുകൂടെ, നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട എല്ലാവർക്കും പൂർണമായ രീതിയിൽ വിശ്രമമായിരിക്കും. അങ്ങനെ, 4:9-ൽ പരാമർശിച്ചിരിക്കുന്നതും നല്ലദേശമായ കനാനാൽ മുൻകുറിക്കപ്പെട്ടിരിക്കുന്നതുമായ ശബ്ബത്തിൻ വിശ്രമത്തിൽ, നമുക്കുള്ള വിശ്രമമായ ക്രിസ്തുവിന്റെ ആദ്യത്ത രണ്ടു ഘട്ടങ്ങൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ, മൂന്നാമത്തെ ഘട്ടം ഉൾപ്പെടുന്നില്ല. ആദ്യത്തെ രണ്ടു ഘട്ടങ്ങളിലുള്ള വിശ്രമം വീണ്ടെടുക്കപ്പെടുക മാത്രമല്ല, ജയാളികളായി തീരത്തക്കവണ്ണം പൂർണമായ തോതിൽ അവനെ ആസ്വദിക്കുകയും ചെയ്യു അവന്റെ ശുഷ്കാന്തിയുള്ള അന്വേഷകർക്ക് ഒരു സമ്മാനമാണ്; അതേസമയം മൂന്നാം ഘട്ടത്തിലെ വിശ്രമം ഒരു സമ്മാനമല്ല, പ്രത്യുത വീണ്ടെടുക്കപ്പെട്ട എല്ലാവർക്കുമുള്ള പൂർണ ഓഹരിയാണ്. അതുകൊണ്ട്, ആദ്യത്തെ രണ്ടു ഘട്ടങ്ങളിൽ, പ്രത്യേകിച്ച് രണ്ടാം ഘട്ടത്തിൽ, നമ്മുടെ വിശ്രമമായ ക്രിസ്തുവാണ് ഇവിടെ പരാമർശിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം, ഇത് നാം ശുഷ്കാന്തിയോടെ അന്വേഷിച്ച് പ്രവേശിക്കുവാനായി ശേഷിച്ചിരിക്കുന്ന വിശ്രമമാണ്. നമ്മുടെ വിശ്രമമായ ക്രിസ്തുവിന്റെ രണ്ടാം ഘട്ടത്തിലാണ് സഹസ്രാബ്ദത്തിലെ തന്റെ രാജ്യത്തിനുവേണ്ടി (വെളി. 11:15) തന്റെ അവകാശമായ മുഴുവൻ ഭൂമിയെയും ക്രിസ്തു കൈവശമാക്കുന്നത് (സങ്കീ. 2:8; എബ്രാ. 2:5-6). ആദ്യത്തെ ഘട്ടത്തിൽ തങ്ങളുടെ വിശ്രമമായി അവനെ അന്വേഷിക്കുകുയും ആസ്വദിക്കുകയും ചെയ്യുകൊണ്ട് അവനെ അനുഗമിക്കുന്ന എല്ലാ ജയാളികളും ആ സമയത്ത് അവന്റെ വാഴ്ചയിൽ പങ്കെടുക്കും (വെളി. 20:4, 6; 2 തിമൊ. 2:12). അപ്പോഴാണ് അവർ ഭൂമിയെ അവകാശമാക്കുന്നത് (മത്താ. 5:5; സങ്കീ 37:11). ചിലർക്ക് പത്തു പട്ടണങ്ങളുടെമേലും ചിലർക്ക് അഞ്ചിന്റെമേലും അധികാരം ഉണ്ടായിരിക്കും (ലൂക്കൊ. 19:17, 19). അപ്പോഴാണ് അവർ തങ്ങളുടെ കർത്താവിന്റെ സന്തോഷത്തിൽ പങ്കുകൊള്ളുന്നത് (മത്താ. 25:21, 23). അതായിരിക്കും രാജ്യത്തിൻ വിശ്രമം, അത് നല്ലദേശമായ കനാനിലേക്കു പ്രവേശിക്കുന്നതിന്റെ വിശ്രമത്താൽ മുൻകുറിക്കപ്പെടുന്നു. നല്ലദേശത്തിന്റെ വിശ്രമം മിസ്രയീമിൽനിന്നും വീണ്ടെടുക്കപ്പെടുകയും വിടുവിക്കപ്പെടുകയും ചെയ്യ എല്ലാ യിസ്രായേൽ മക്കളുടെയും ലക്ഷ്യമായിരുന്നു; അതുപോലെ, വരുവാനുള്ള

രാജ്യത്തിന്റെ വിശ്രമം ലോകത്തിൽനിന്നും വീണ്ടെടുക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുവരായ പുതിയനിയമ വിശ്വാസികളുടെ ലക്ഷ്യമാണ്. നാമെല്ലാവരും ഇപ്പോൾ ഈ ലക്ഷ്യത്തിലേക്കുള്ള വഴിയിലാണ്.

## V. ദൈവത്തിനും മനുഷ്യനും വേണ്ടിയുള്ള ഒരു പരസ്പര വിശ്രമം

ഏഴാം ദിവസം ദൈവം വിശ്രമിച്ചപ്പോൾ ആദാമും വിശ്രമിച്ചു. അതുപോലെ, ദൈവത്തിന് വിശ്രമമില്ലാതിരിക്കുമ്പോൾ മനുഷ്യനും വിശ്രമമില്ല. യോഹന്നാന്റെ സുവിശേഷം നാലാം അധ്യായത്തിൽ, യേശുവിനു വിശക്കുന്നതുകൊണ്ട് അവൻ അധ്വാനിക്കുക യായിരുന്നു. കൂടാതെ, അവനും ശമര്യക്കാരി സ്ത്രീക്കും ദാഹം ഉണ്ടായിരുന്നു. അവിടെ എന്തെങ്കിലും വിശ്രമം ഉണ്ടായിരുന്നോ? ഇല്ല, അവിടെ വിശ്രമം ഇല്ലായിരുന്നു, കാരണം ദൈവത്തിന്റെ ആവിഷ്കാരത്തിനും പ്രതിനിധാനത്തിനുംവേണ്ടി മനുഷ്യനെ ദൈവം നേടിയിരുന്നില്ല. ദൈവത്തെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കു വാനുംവേണ്ടി ദൈവം മനുഷ്യനെ നേടുന്നതുവരെ ദൈവത്തിനും മനുഷ്യനും വിശ്രമം ഉണ്ടായിരിക്കുകയില്ല. ഇന്ന് സഭാജീവിതത്തിൽ എല്ലാ സഹോദരീ സഹോദരന്മാരും അവരവരുടെ വഴിയിൽ പോകുകയും ആരും ദൈവത്തിന്റെ വഴിയിൽ പോകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം വളരെ സജീവമായ രീതിയിൽ ഒരുമിച്ചു കൂടിവന്നാലും അവിടെ വിശ്രമം ഉണ്ടായി രിക്കുകയില്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ, അവിടെ മനോഹരമായ സഭാജീവിതം ഇല്ല. തന്റെ ആവിഷ്കാരത്തിനും പ്രാതിനിധ്യത്തിനുംവേണ്ടി ഭൂമിയിൽ ദൈവം മനുഷ്യനെ നേടുന്ന ഒരു ജീവിതമാണ് സഭാജീവിതം. ഈ സാഹചര്യം പ്രത്യക്ഷമാ കുമ്പോൾ, നാമെല്ലാവരും വിശ്രമത്തിലായിരിക്കും, കാരണം ഒരു കൂട്ടം മനുഷ്യരിലൂടെ താൻ ആവിഷ്കരിക്കപ്പെടുന്നതും പ്രതി നിധീകരിക്കപ്പെടുന്നതും കാണുമ്പോൾ ദൈവം തൃപ്തനാകും. ഇതു ഭൂമിയിൽ സംഭവിക്കുമ്പോഴെല്ലാം സ്വർഗത്തിലെ അനേകം ദൂതന്മാർ ദൈവത്തിന്റെ സംതൃപ്തിയെച്ചൊല്ലി സന്തോഷിക്കുന്നു ണ്ടാകും. ദൈവം സംതൃപ്തനാണെന്നും വിശ്രമത്തിലാണെന്നും നമുക്കെങ്ങനെ അറിയാം? നമ്മുടെ ആത്മാവ് തൃപ്തിയുള്ളതാ യിരിക്കുന്നതുകൊണ്ട് നമുക്കത് അറിയാം. ഇപ്പോൾ നമുക്ക് ശബ്ബത്തിൻ വിശ്രമത്തിന്റെ യഥാർഥ അർഥം അറിയാം: ഭൂമിയിൽ ദൈവത്തെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനും മനുഷ്യനെ നേടുന്നതിൽ മനുഷ്യനോടൊപ്പമുള്ള ദൈവത്തിന്റെ സംതൃപ്തിയാണിത്. അങ്ങനെയുള്ള ഒരു സാഹചര്യം പ്രത്യക്ഷമാകു മ്പോഴെല്ലാം അത് ശബ്ബത്താണ്, അപ്പോൾ ദൈവവും മനുഷ്യനും സംതൃപ്തരും വിശ്രമത്തിലുമാണ്. ഇതാണ് ശബ്ബത്തിൻ വിശ്രമം.

## VI. ശേഷിക്കുന്ന ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചുള്ള ഒരു പ്രവചനം

മുൻകുറിയിൽ, ഈ ശബ്ബത്തിൻ വിശ്രമം നല്ലദേശമായിരുന്നു. എന്നാൽ വാസ്തവത്തിൽ, യിസ്രായേൽമക്കൾ നല്ലദേശത്തു പ്രവേശിച്ചപ്പോൾ അവരാൽ ഈ വിശ്രമം സാക്ഷാൽക്കരിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട്, ദൈവത്തിന്റെ ജനത്തിന് ശേഷിക്കുന്ന ഒരു ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ച് സങ്കീർത്തനക്കാരൻ പ്രവചിച്ചു (സങ്കീ. 95:7-11). എബ്രായലേഖനം വിശ്രമത്തെ സംബന്ധിച്ച സങ്കീർത്തനം 95 ഉദ്ധരിക്കുന്നു. എന്താണ് ഈ ശബ്ബത്തിൻ വിശ്രമം? തത്ത്വത്തിൽ, ഇത് ദൈവത്തെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനും ദൈവം നേടുന്ന മനുഷ്യനെ സംബന്ധിച്ചുള്ള സാഹചര്യമാണ്. സഭ നിലവിൽ വന്നതുവരെ ഈ സാഹചര്യം നിലവിൽ വന്നില്ല.

## VII. ദൈവത്തിന്റെ ശബ്ബത്തായ സഭാജീവിതം

അനുലോമവും നല്ലതുമായ അർഥത്തിൽ, ശരിയായ സഭാജീവിതമാണ് ദൈവത്തിന്റെ ശബ്ബത്ത്. വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ ഉത്സാഹിക്കണമെന്നു പറഞ്ഞുകൊണ്ട് അതിനെ നഷ്ടപ്പെടുത്തരുതെന്ന് എബ്രായലേഖനം വിശ്വാസികൾക്കു മുന്നറിയിപ്പ് നൽകുന്നത് എന്തുകൊണ്ടാണെന്ന് ഇപ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. എന്താണ് ഈ ശബ്ബത്ത്? ഇത് ശരിയായ സഭാജീവിതമാണ്. എഴുത്തുകാരൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എബ്രായ വിശ്വാസികളേ, പഴയ ശബ്ബത്താചരിക്കുവാൻ പിന്നിലേക്കു പോകരുത്, അതു കഴിഞ്ഞുപോയി. സങ്കീർത്തനങ്ങളിൽ ദൈവം മറ്റൊരു ദിവസത്തെക്കുറിച്ച്, ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ച് പ്രവചിച്ചിരിക്കുന്നു." നിങ്ങൾ എബ്രായലേഖനം മൂന്നും നാലും അധ്യായങ്ങൾ ശ്രദ്ധാപൂർവം വായിക്കുമെങ്കിൽ, ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചുള്ള ഈ വാഗ്ദത്തം നിങ്ങൾ കണ്ടെത്തും. ഈ രണ്ട് അധ്യായങ്ങൾ "മറ്റൊരു ദിവസത്തെ" കുറിച്ച് സംസാരിക്കുന്നു. ഈ "മറ്റൊരു ദിവസം" "ഇന്നാണ്" (3:7, 13, 15; 4:7). "ഇന്ന്" എന്ന ഈ "മറ്റൊരു ദിവസം," നമുക്കുവേണ്ടി ശേഷിച്ചിരിക്കുന്ന വാഗ്ദത്തം ചെയ്യപ്പെട്ട ശബ്ബത്തിൻ വിശ്രമമാണ്. എഴുത്തുകാരൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എബ്രായ വിശ്വാസികളേ, മൂഢന്മാരായിരിക്കരുത്. ഉല്പത്തി 2-ൽ ദൈവം പാലിച്ച ശബ്ബത്തിൻ വിശ്രമം നശിപ്പിക്കപ്പെട്ടിരിക്കുന്നു, അത് ഇനി ഒരിക്കലും ഉണ്ടാകുകയുമില്ല. സങ്കീർത്തനങ്ങളിൽ, ദൈവം 'ഇന്ന്' എന്ന മറ്റൊരു ദിവസം നിശ്ചയിച്ചിട്ടുണ്ട്. ഇതാണ് നിങ്ങൾക്കുവേണ്ടി ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം. നിങ്ങൾ അതിലേക്കു പ്രവേശിക്കണം."

എന്താണ് ഈ ശബ്ബത്തിൻ വിശ്രമം? ഒന്നാമതായി, അത് സഭാജീവിതമാണ്. നാം ഇന്ന് സഭാജീവിതത്തിലേക്കു പ്രവേശിക്കണം, അങ്ങനെ ദൈവം ഇന്ന് ഭൂമിയിൽ ആവിഷ്കരിക്കപ്പെടുകയും പ്രതിനിധാനം ചെയ്യപ്പെടുകയും സംതൃപ്തനാകുകയും വിശ്രമം കണ്ടെത്തുകയും ചെയ്യും. ഇതു സംഭവിക്കുമ്പോൾ, ദൈവത്തിനും നമുക്കും ശബ്ബത്തിൻ വിശ്രമം ഉണ്ടായിരിക്കും. നാം ശരിയായ സഭാജീവിതത്തിലേക്കു പ്രവേശിക്കുന്നില്ലെങ്കിൽ, നമുക്ക് വിശ്രമം നഷ്ടമാകും. എങ്കിലും, നാം കാണാൻപോകുന്നതുപോലെ, ഇതല്ല എബ്രായലേഖനത്തിലെ ശബ്ബത്തിൻ വിശ്രമത്തിന്റെ മൊത്തത്തിലുള്ള അർഥം.

മത്തായി 11:28-29 ൽ കർത്താവു പറഞ്ഞു, "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നല്കും. ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്ക് നിങ്ങൾ വിശ്രമം കണ്ടെത്തും." തങ്ങൾ വളരെ ഭാരപ്പെട്ടിരിക്കുമ്പോഴെല്ലാം കർത്താവായ യേശുവിന്റെ അടുത്തേക്കു വരുമ്പോൾ ആശ്വാസം കണ്ടെത്തുമെന്നാണ് ഇത് അർഥമാക്കുന്നത് എന്ന് ചിന്തിച്ചുകൊണ്ട് നിരവധി ക്രിസ്ത്യാനികൾ ഈ വാക്യത്തെ വളരെ ഉപരിപ്ലവമായ രീതിയിൽ മനസ്സിലാക്കുന്നു. ആദ്യത്തെ തവണ ഇത് നിങ്ങൾക്ക് ഫലം ചെയ്തേക്കുമെങ്കിലും, അതിനുശേഷം ഇത് ഫലം ചെയ്യണമെന്നില്ല. നിങ്ങളുടെ സ്വാഭാവികവും സ്വാർഥവുമായ ധാരണയനുസരിച്ച് നിങ്ങൾ കർത്താവിനെ നിങ്ങളുടെ വിശ്രമമായി എടുക്കുന്നുവെങ്കിൽ, കർത്താവ് ഒടുവിൽ നിങ്ങളിൽനിന്നും തന്റെ മുഖം തിരിച്ചുകളയും. അനേകം ക്രിസ്ത്യാനികൾ തങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ തുടക്കത്തിൽ ഇത്തരത്തിലുള്ള ആശ്വാസം അനുഭവിച്ചിട്ടുണ്ടെങ്കിലും, പിന്നീട് അത് നന്നായി ഫലം ചെയ്തിട്ടില്ലെന്ന് അവർ കണ്ടെത്തി. എന്തുകൊണ്ട്? കാരണം നമ്മുടെ വ്യക്തിപരമായ ആസ്വാദനത്തിനു വേണ്ടിയല്ല, ദൈവഭവനത്തിന്റെ കെട്ടുപണിക്കു വേണ്ടിയാണ് ക്രിസ്തു നമ്മുടെ ജീവനും വിശ്രമവും ആയിരിക്കുന്നത്. നിങ്ങളുടെ വിശ്രമമായി ക്രിസ്തുവിനെ ആസ്വദിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ അവന്റെ അടുക്കൽ വരണം. എന്നാൽ അവൻ എവിടെയാണ്? അവനെ സന്ധിക്കുവാൻ നാം എവിടെയാണു പോകേണ്ടത്? നാം സഭയിലേക്കു വരണം. ക്രിസ്തു തന്നെയാകുന്ന വിശ്രമം സഭയിലാണുള്ളത്. എന്തുകൊണ്ടാണ് സഭയിൽ ഈ വിശ്രമം ഉള്ളത്? കാരണം സഭയിലാണ് ദൈവം ആവിഷ്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുന്നത്; എവിടെ ദൈവം ആവിഷ്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുന്നുവോ അവിടെ ശബ്ബത്തുണ്ട്. നിങ്ങൾ ഇതു വിശ്വസിക്കുന്നില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ സ്വന്തം വഴി എടുക്കുകയും

ആശ്വാസത്തിനുവേണ്ടി ക്രിസ്തുവിനോടു പ്രാർഥിക്കുകയും ചെയ്യുക. നിങ്ങൾ സഭയിൽനിന്നും മാറിനിൽക്കുന്നുവെങ്കിൽ, ഒരുപക്ഷേ പ്രാർഥിക്കുവാൻതന്നെ നിങ്ങൾ അപ്രാപ്തരാണെന്ന് കണ്ടെത്തും.

ഇന്ന് സഭാജീവിതം എന്ന ഒരു നല്ലദേശം മാത്രമേയുള്ളൂ. ഇന്നത്തെ സഭ നല്ലദേശമാണ്, കാരണം സഭയിൽ ദൈവത്തിന് തന്റെ ആവിഷ്കാരത്തിനും പ്രാതിനിധ്യത്തിനും വേണ്ടിയുള്ള അവന്റെ നിവാസമുണ്ട്. ദൈവത്തിന്റെ സിംഹാസനവും രാജ്യവും ഭരണകൂടവും സഭയിലാണുള്ളത്. അങ്ങനെ, സഭയിലാണ് ദൈവം തൃപ്തനാകുന്നത്. അവിടെ അവൻ തൃപ്തനല്ലെങ്കിൽ, പിന്നെ എവിടെയാണ് അവൻ തൃപ്തനാകുന്നത്? ദൈവത്തെ തൃപ്തിപ്പെടുത്തുവാൻ കഴിയുന്ന ഒരു സാഹചര്യം മാത്രമേയുള്ളൂ: തന്റെ ആവിഷ്കാരവും പ്രാതിനിധ്യവുമായിരിക്കുവാൻ അവൻ നേടിയ ഒരു കൂട്ടം ആളുകളുടെ സാഹചര്യത്തിൽ. ദൂതന്മാർക്ക് ഈ പദവിയില്ല, കാരണം ദൈവത്തെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനും അവരെ നിയോഗിച്ചിട്ടില്ല. എന്നാൽ നാം അവനെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനും വിധിക്കപ്പെട്ടും നിയോഗിക്കപ്പെട്ടുമിരിക്കുന്നു. അതുകൊണ്ട്, ദൈവത്തിന്റെ സംതൃപ്തിയും വിശ്രമവും സഭയിലാണ്.

നിരവധി ക്രിസ്ത്യാനികൾ വാസ്തവമായും രക്ഷിക്കപ്പെട്ടവരാണെങ്കിലും അവർ സഭാജീവിതത്തിലില്ല. അതുപോലെ, പെസഹായുടെ സമയത്ത് നിരവധി യിസ്രായേൽമക്കൾ രക്ഷിക്കപ്പെട്ടിരുന്നു. അവർ രക്തം പുരട്ടുകയും, കുഞ്ഞാടിനെ ഭക്ഷിക്കുകയും, മിസ്രയീമിൽനിന്നു പുറത്തുവരുകയും, ചെങ്കടൽ കടക്കുകയും, രക്ഷിക്കപ്പെടുകയും ചെയ്തു. എന്നാൽ അവരിൽ എത്രപേരാണ് വിശ്രമത്തിലേക്കു വന്നത്? വളരെ കുറച്ച്. അതേ രീതിയിൽ, നിരവധി യഥാർഥ ക്രിസ്ത്യാനികൾ ഉണ്ടെങ്കിലും, വാസ്തവമായും രക്ഷിക്കപ്പെട്ടവർ, വളരെ കുറച്ചുപേർ മാത്രമേ സഭാജീവിതത്തിലുള്ളൂ. എല്ലാ ക്രിസ്ത്യാനികളും നല്ലദേശത്തിലാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഇല്ല, അനേകരും അലഞ്ഞുതിരിയുന്നു, മറ്റുള്ളവർ സിനിമയ്ക്കു പോകുന്നതുപോലുള്ള ലൗകിക കാര്യങ്ങൾ ചെയ്തുകൊണ്ട് ഇപ്പോഴും മിസ്രയീമിൽ തുടരുന്നു. അവർ കർത്താവായ യേശുവിൽ വിശ്വസിച്ചിട്ടുള്ളതിനാൽ, അവർ രക്ഷിക്കപ്പെട്ടിട്ടില്ലെന്ന് നമുക്കു പറയാൻ കഴിയില്ല. എങ്കിലും, അവർ മിസ്രയീമിലോ മരുഭൂമിയിലോ ആണ്, നല്ല ദേശത്തിലില്ല. വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ നാം ഉത്സുകരായിരിക്കണം. ഇന്ന് നമ്മുടെ വിശ്രമം എവിടെയാണ്? അത് സഭാജീവിതത്തിലാണ്.

## VIII. ഉന്നത സുവിശേഷമായ സഭാജീവിതം

സഭാജീവിതത്തിൽ വിശ്രമത്തിലായിരിക്കുവാൻ മാത്രമല്ല

ദൈവം ആഗ്രഹിക്കുന്നത്. അവിശ്വാസികളായ അനേകം മനുഷ്യർ അവരുടെ ജീവിതരീതിയിൽ അസംതൃപ്തരായി അലഞ്ഞുതിരിയുന്നു. ഇതുകൊണ്ടാണ് നമുക്ക് ശരിയായതും ഉയർന്നതുമായ സഭാജീവിതം, ദാഹിക്കുന്നവർക്കു വേണ്ടിയുള്ള ഉയർന്ന സുവിശേഷമാകുന്ന സഭാജീവിതം ഉണ്ടായിരിക്കേണ്ടത്. ഇത് ഞായറാഴ്ച രാവിലെ പതിനൊന്ന് മണിക്ക് ശുശ്രൂഷ ഉണ്ടായിരിക്കുന്ന കാര്യമല്ല; ഇത് ദൈവവും മനുഷ്യനും തൃപ്തരായിരിക്കുന്ന ശരിയായ സഭാജീവിതം ഉണ്ടായിരിക്കുന്ന കാര്യമാണ്. ഇങ്ങനെയുള്ള ഒരു സഭാജീവിതത്തിലേക്ക് വിശന്നും ദാഹിച്ചുമിരിക്കുന്നവർ വരുമ്പോൾ, ഇതായിരുന്നു അവർ അന്വേഷിച്ചുകൊണ്ടിരുന്നതെന്നും, ഇതായിരുന്നു അവർ ആഗ്രഹിക്കുന്നതെന്നും അവർ കാണുകയും, പെട്ടെന്ന് അവർ ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുകയും ചെയ്യും. എല്ലാ വിശ്വാസികളും ഈ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ പരിശ്രമിക്കണം. എന്നാൽ ഇന്ന് എബ്രായലേഖനം മിക്ക ക്രിസ്ത്യാനികൾക്കും അടയ്ക്കപ്പെട്ടിരിക്കുന്നു, ആരും അതിനെ തൊടുകയില്ല. എബ്രായലേഖനം സമ്പൂർണ സുവിശേഷത്തിന്റെ ഒരു ഭാഗമാണെന്ന് നാമെല്ലാവരും മനസ്സിലാക്കണം. എന്റെ ഹൃദയത്തിലുള്ളത് ഞാൻ പറയട്ടെ: എബ്രായലേഖനമനുസരിച്ചുള്ള സുവിശേഷം പ്രസംഗിക്കുവാൻ കാമ്പസുകളിൽ പോകേണ്ടതിന് എല്ലാ യുവസഹോദരീ സഹോദരന്മാരെയും ഉത്സാഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു: ശരിയായ മനുഷ്യജീവിതത്തിനായി അവർ പോയി ഈ ഉയർന്ന സുവിശേഷം പ്രസംഗിക്കണം.

വർഷങ്ങൾക്കുമുമ്പ് ഞാൻ സുവിശേഷം പ്രസംഗിക്കുമ്പോൾ, എന്റെ ഇഷ്ടപ്പെട്ട ദൂതുകൾ ജീവിതത്തിന്റെ അർഥം, മായ, ജീവ ഉറവയിൽനിന്നു കുടിക്കുന്നത് എന്നിവയായിരുന്നു. 1932-ലെ പുതുവത്സര ദിനത്തിൽ ഞാൻ മായ എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിച്ചു. ഇരുപതു മിനിറ്റു മാത്രം പ്രസംഗിച്ച ശേഷം, ഞാൻ പ്രസംഗം അവസാനിപ്പിക്കുകയോ ആഹ്വാനം കൊടുക്കുകയോ ചെയ്യുന്നതിനുമുമ്പുതന്നെ ഞാൻ അവരുടെ ആന്തരിക അനുഭൂതിയെ, അവരുടെ ജീവിതത്തിലെ മായയുടെ അനുഭൂതിയെ, അവരുടെ ജീവിതത്തിലെ മായയെ സ്പർശിച്ചതുകൊണ്ട് നിരവധി ആളുകൾ എഴുന്നേറ്റുനിന്നു. ഞാൻ പാപത്തെക്കുറിച്ച് അധികം പ്രസംഗിച്ചില്ലെങ്കിലും, ഒടുവിൽ എല്ലാവരും തന്റെ പാപത്തെക്കുറിച്ച് അനുതപിച്ചു. നാം ദാഹിക്കുന്ന ജനത്തിന്റെയും വിശന്നിരിക്കുന്ന ജനത്തിന്റെയും അടുക്കൽ പോകുകയും, അവരുടെ ജീവിതത്തിലെ വിശപ്പിനെയും ദാഹത്തെയും തൃപ്തിപ്പെടുത്തുവാൻ കഴിയുന്ന സഭാജീവിതം എന്ന ഉയർന്ന സുവിശേഷം പ്രസംഗിക്കുകയും ചെയ്യണം. സഭാജീവിതം പാലും തേനും ഒഴുകുന്ന നല്ലദേശമായ ഇന്നത്തെ ശബ്ബത്തിൻ വിശ്രമമായിരിക്കണം.